**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 710** **24-08-2022 - ൽ മറുപടിയ്ക്ക്**

**നിലാവ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ. കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം തദ്ദേശ സ്ഥാപനങ്ങളിലാണ് നിലാവ് പദ്ധതി നടപ്പാക്കിയതെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | നിലമ്പൂർ നിയോജകമണ്ഡലത്തിൽ അമരമ്പലം ചുങ്കത്തറ ഗ്രാമപഞ്ചായത്തുകളിലും നിലമ്പൂർ മുനിസിപ്പാലിറ്റിയിലുമാണ് നിലാവ് പദ്ധതി നടപ്പിലാക്കിയത്. സ്ഥാപിച്ച തെരുവുവിളക്കു കളുടെ പഞ്ചായത്ത് തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:<br>അമരമ്പലം ഗ്രാമ പഞ്ചായത്ത് – 500 എണ്ണം<br>ചുങ്കത്തറ ഗ്രാമപഞ്ചായത്ത് – 500 എണ്ണം<br>നിലമ്പൂർ മുനിസിപ്പാലിറ്റി – 500 എണ്ണം |
| (ബി) | തെരുവുവിളക്കുകൾക്ക് കേടുപാടുകൾ സംഭവിച്ചാൽ അറ്റകുറ്റപ്പണികൾ നടത്തുന്നതും മാറ്റി സ്ഥാപിക്കുന്നതും കെ.എസ്.ഇ.ബി. -യുടെ ഉത്തരവാദിത്ത മാണോയെന്ന് അറിയിക്കാമോ; | (ബി) | ഉത്തരവാദിത്തം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. |
| (സി) | നിലമ്പൂർ നിയോജകമണ്ഡലത്തിലെ ചുങ്കത്തറ ഗ്രമാപഞ്ചായത്തിൽ ലഭിക്കേണ്ട 300 എൽ.ഇ.ഡി. തെരുവുവിളക്കുകൾ കെ.എസ്.ഇ.ബി. -യിൽ പണം അടച്ചിട്ടും ലഭിച്ചിട്ടില്ല എന്നതു സംബന്ധിച്ച് എം.എൽ.എ. മുഖാന്തിരം ചുങ്കത്തറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (സി) | കിഫ്ബിയുടെ ഫണ്ടിംഗിൽ തദ്ദേശ സ്വയംഭരണ വകുപ്പും കെ.എസ്.ഇ.ബി.എൽ-ഉം സംയുക്ത മായി നടത്തി വരുന്ന പദ്ധതിയാണ് 'നിലാവ്'. ഇ.ഇ.എസ്.എൽ ആണ് മേൽ പദ്ധതിക്ക് ആവശ്യമായി വരുന്ന എൽ.ഇ.ഡി-കൾ നൽകുന്നത്. ആയതിനാൽ എൽ.ഇ.ഡി തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ പണം ഒടുക്കേണ്ടതില്ല. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 31.07.2021 വരെ ലഭ്യമായ എൽ.ഇ.ഡി-യുടെ ആവശ്യകത അനുസരിച്ചാണ് പർച്ചേസ് ഓർഡർ നൽകിയിട്ടുള്ളത്. ഈ പദ്ധതിയിൽ ചേരുന്നതിനുള്ള ചുങ്കത്തറ ഗ്രാമപഞ്ചായ ത്തിന്റെ തീരുമാനം 14.01.2022-ലേതാണ്. തുടർന്ന് വരുന്ന പർച്ചേസിൽ ചുങ്കത്തറ ഗ്രാമപഞ്ചായത്തിന്റെ കാര്യം അടിയന്തിരമായി പരിഹരിക്കപ്പെടും എന്നു കരുതുന്നു. |
| (ഡി) | പ്രസ്തുത തെരുവുവിളക്കുകൾ അടിയന്തരമായി ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കാമോ? | (ഡി) | കേരളം ഒട്ടാകെയുള്ള സെക്ഷനുകളിൽ നിന്നും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ |

| | | | |
|---|---|---|---|
| | | | നിർദ്ദേശം അനുസരിച്ച് നടത്തുന്ന പരിശോധന പ്രകാരം ലഭ്യമാകുന്ന എൽ.ഇ.ഡി-കളുടെ എണ്ണം കണക്കിലെടു ത്താണ് പർച്ചേസ് ചെയ്യുന്നത്. നിലവിലെ ആവശ്യകത മുഴുവനായും ലഭ്യമായിട്ടില്ല. ആവശ്യകത ലഭ്യമാകുന്ന മുറയ്ക്ക് ഇ.ഇ.എസ്.എൽ-ൽ നിന്നും വാങ്ങി പദ്ധതി പൂർത്തീകരിക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ